നിലവിലുള്ള കുരുമുളക് തോട്ടങ്ങളിൽ അത്യുൽപ്പാദനശേഷിയുള്ള അനുയോജ്യമായ ഇനങ്ങൾ പുതുതായി വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു. നടീൽ വസ്തുക്കൾ, കുമ്മായം, ജൈവവളങ്ങൾ, ജൈവകീട രോഗ നിയന്ത്രണം, സസ്യ സംരക്ഷണോപാധികൾ എന്നിവയ്ക്കായി ഹെക്ടറിന് 4,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 1,500 രൂപ (കുരുമുളക് വള്ളിയൊന്നിന് 1.50 രൂപ നിരക്കിൽ 1,000 വള്ളികൾക്ക്) കുരുമുളക് വള്ളിയുടെ വിലയായും 2,500 രൂപ കുമ്മായം, ജൈവ വളങ്ങൾ, ജൈവ നിയന്ത്രണം, സസ്യ സംരക്ഷണ മരുന്നുകൾ എന്നിവയ്ക്കായും നൽകുന്നു. 2003-04-ലെ കുരുമുളക് പുനരുദ്ധാരണ പദ്ധതിയനുസരിച്ച് 1,150 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനും ഇതിലേക്കായി 46 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2002-03-ലെ പദ്ധതിപ്രകാരം സംസ്ഥാനമൊട്ടാകെ 2,915 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. അതിൽ 1,000 ഹെക്ടർ ഇടുക്കി ജില്ലയിലാണ്.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി വേരു പിടിപ്പിച്ച 22.20 ലക്ഷം കുരുമുളകു വള്ളികളാണ് ജില്ലയിൽ വിതരണം ചെയ്തത്. ഇതിനായി 33.30 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) കുരുമുളക് കൃഷിക്ക് ഉപയുക്തമല്ലാത്ത വള്ളികൾ കൃഷിവകുപ്പ് മുഖേന വിതരണം ചെയ്തതായി നാളിതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൃഷിവകുപ്പിന്റെ ഫാമുകളിൽ കർശനമായ ഗുണനിയന്ത്രണങ്ങൾ പാലിച്ച് ഉൽപ്പാദിപ്പിക്കുന്ന വള്ളികളാണ് കൃഷി ഭവനുകൾ മുഖാന്തിരം വിതരണം നടത്തുന്നത്. മേലിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ ശ്രദ്ധിക്കുന്നതാണ്.

"കൃഷി അസിസ്റ്റന്റുമാരെ നിയമിക്കാൻ നടപടി"

56 [4809] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് തസ്തികയിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നു എന്നറിയിക്കാമോ;

(ബി) അവരെ പിരിച്ചുവിട്ട് പി.എസ്.സി.-യുടെ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി) കൃഷി അസിസ്റ്റന്റ് തസ്തികയിൽ ആരുംതന്നെ താൽക്കാലികമായി ജോലി നോക്കുന്നില്ല.

കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനം

57 [4815] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷിക സർവ്വകലാശാലയിൽ എത്ര അദ്ധ്യാപകർ ഏതെല്ലാം തസ്തികയിൽ ജോലി ചെയ്യുന്നു എന്ന് തരം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) കാർഷിക സർവ്വകലാശാല നിയമനത്തിൽ സംവരണക്രമം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) നിലവിലുള്ള അദ്ധ്യാപകരിൽ എത്ര പേർ പട്ടികജാതി-പട്ടികവർഗ്ഗക്കാരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ എണ്ണമനുസരിച്ച് ചട്ടപ്രകാരം എത്ര പട്ടികജാതി വർഗ്ഗക്കാരാണ് ഉണ്ടാവേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഇ) നിയമാനുസരണം അനുവദിച്ചിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം ഉറപ്പു വരുത്താൻ എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1-1-2003-ലെ കണക്കനുസരിച്ച് കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരുടെ തസ്തിക തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

അസിസ്റ്റന്റ് പ്രൊഫസർ	:	358
അസോസിയേറ്റ് പ്രൊഫസർ	:	332
പ്രൊഫസർ	:	45
ആകെ		735

(ബി) കാർഷിക സർവ്വകലാശാല നിയമനത്തിൽ സംവരണക്രമം കൃത്യമായും പാലിക്കുന്നുണ്ട്.

(സി) 1-1-2002-ലെ കണക്കനുസരിച്ച് സർവ്വകലാശാല അദ്ധ്യാപകരിൽ 30 പട്ടികജാതിക്കാരും 2 പട്ടികവർഗ്ഗക്കാരുമുണ്ട്.

(ഡി) ചട്ടപ്രകാരം നിലവിലുള്ള അദ്ധ്യാപകരുടെ 10% പേരാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ വേണ്ടത്.

(ഇ) സർവ്വകലാശാലയിലെ അദ്ധ്യാപിക തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രികൾച്ചറൽ ഫാക്കൽറ്റിയിലെ തസ്തികകൾ

58 [4816] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രികൾച്ചറൽ ഫാക്കൽറ്റിയിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ആകെ എത്ര തസ്തികകൾ ഉണ്ട് എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എത്രവീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly